നം. കൈറ്റ്/2026/1426 (18) തീയതി: 07.08.2026

# സർക്കുലർ

വിഷയം: **കൈറ്റ്-സംസ്ഥാന സർക്കാരിന്റെ 100 ദിന കർമ്മപദ്ധതി- പൊതുവിദ്യാലയങ്ങളിലെ വിവരങ്ങൾ പൊതുസമൂഹത്തിന് ലഭ്യമാകുന്ന രീതിയിൽ സ്കൂൾവിക്കി പേജുകൾ പുതുക്കുന്ന പദ്ധതിയായ സ്കൂൾ വിക്കിത്തോൺ നടപ്പിലാക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സൂചന :
1. സ.ഉ.(സാധാ) 1198/2022/GEDN. തീയതി 01.03.2022
2. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 24.07.2026-ലെ ജി 3/255/ 2026-പൊ.വി.വ നമ്പർ മിനിറ്റ്സ്.

സംസ്ഥാന സർക്കാരിന്റെ 100 ദിന കർമ്മപദ്ധതിയുടെ ഭാഗമായി പൊതുവിദ്യാലയങ്ങളുടെ ചരിത്രം, സൗകര്യങ്ങൾ, പ്രവർത്തനങ്ങൾ, നേട്ടങ്ങൾ തുടങ്ങിയ വിവരങ്ങൾ പൊതുസമൂഹത്തിന് ലഭ്യമാകുന്ന രീതിയിൽ ഓരോ വിദ്യാലയത്തിന്റേയും സ്കൂൾവിക്കി പേജുകൾ (https://schoolwiki.in) പുതുക്കുന്ന സ്കൂൾവിക്കിത്തോൺ (സ്കൂൾവിക്കി അപ്ഡേഷൻ യജ്ഞം) നടപ്പിലാക്കുന്നതിന് തീരുമാനിച്ചിരിക്കുകയാണ്. ഈ യജ്ഞത്തിലൂടെ സംസ്ഥാനത്തെ 12,500-ലധികം സ്കൂൾവിക്കി പേജുകൾ സമഗ്രമായി പുതുക്കി, ഓരോ വിദ്യാലയത്തിന്റെയും ചരിത്രവും പ്രാദേശിക പൈതൃകവും വരുംതലമുറയ്ക്കായി ഡിജിറ്റൽ രൂപത്തിൽ സംരക്ഷിക്കുന്നതിനും, വിദ്യാലയങ്ങളുടെ അടിസ്ഥാനവിവരങ്ങൾ കാലികവും കൃത്യവുമായി നിലനിർത്തു ന്നതിനും, അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും പൂർവ്വവിദ്യാർത്ഥികളുടെയും പൊതുജനങ്ങളുടെയും പങ്കാളിത്തത്തോടെ പ്രാദേശിക അറിവുകളും വിദ്യാലയ പ്രവർത്തനങ്ങളും രേഖപ്പെടുത്തി പ്രസിദ്ധീകരിക്കുന്ന സംസ്കാരം വളർത്തിയെടുക്കു ന്നതിനും, പൊതുവിദ്യാഭ്യാസ മേഖലയിലെ വിവരസുതാര്യതയും ഡിജിറ്റൽ സാന്നിധ്യവും കൂടുതൽ ശക്തിപ്പെടുത്തുന്നതിനുമാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഈ പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ സർക്കാർ, എയ്ഡഡ്, അംഗീകൃത അൺഎയ്ഡഡ് സ്കൂളുകളും 'സ്കൂൾവിക്കി' യിൽ അവരവരുടെ പേജുകൾ സജ്ജമാക്കേണ്ടതും സ്കൂളുകളുടെ പേജിൽ വസ്തുതാപരമായതെറ്റുകൾ ഇല്ലെന്നും ഉള്ളടക്കത്തിൽ മേന്മപുലർത്തുന്നതാണെന്നും ഉറപ്പുവരുത്തേണ്ട താണെന്ന് സൂചന 1 ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇക്കാര്യം എല്ലാ സ്കൂൾ പ്രഥമാധ്യാപകരും ഉറപ്പുവരുത്തേണ്ടതാണ്.

2. ഓരോ കാമ്പസിലേയും എല്ലാ വിഭാഗം വിദ്യാലയങ്ങളുടേയും(പ്രൈമറി/ സെക്കന്ററി/ ഹൈസ്കൂൾ/ ഹയർസെക്കന്ററി-വൊക്കേഷണൽ ഹയർ സെക്കന്ററി) വിശദാംശങ്ങൾ കൃത്യമായി ഉൾപ്പെടുത്തുന്നതിനും കാലാനുസൃതമായി അപ്ഡേറ്റ് ചെയ്യുന്നതിനും അതത് വിഭാഗം സ്ഥാപനമേധാവിമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതും ഇതിനായി നോഡൽ ഓഫീസർമാരേയും എഡിറ്റോറിയൽ ടീമിനേയും നിയോഗിക്കുന്നതിനും സൂചന 1 ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ എല്ലാ വിദ്യാലങ്ങളിലും

സ്കൂൾവിക്കി നോഡൽ ഓഫീസറിന്റെ നേതൃത്വത്തിൽ എഡിറ്റോറിയൽ ടീം രൂപീകരിച്ച് സ്കൂൾ വിക്കിത്തോൺ പ്രവർത്തനങ്ങൾ പൂർത്തിയാക്കേണ്ട താണ്.

3. സ്കൂൾ വിക്കിത്തോൺ പ്രവർത്തനങ്ങളുടെ ഭാഗമായി കൈറ്റ് 2026 ആഗസ്റ്റ് 20 വരെ ക്രമീകരിക്കുന്ന പരിശീലനത്തിൽ എല്ലാ സ്കൂൾവിക്കി നോഡൽ ഓഫീസർമാരും പങ്കെടുത്ത് വിദ്യാലയത്തിന്റെ ചരിത്രം, അടിസ്ഥാന വിവരങ്ങൾ, അടിസ്ഥാനസൗകര്യങ്ങൾ, അക്കാദമിക പ്രവർത്തനങ്ങൾ, നേട്ടങ്ങൾ, ക്ലബ്ബ് പ്രവർത്തനങ്ങൾ, ചിത്രങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തി സ്കൂൾവിക്കി അപ്ഡേഷൻ പ്രവർത്തനങ്ങൾ പൂർത്തിയാക്കേണ്ടതാണ്.

4. സ്കൂളിലെ പൂർവവിദ്യാർത്ഥികൾ ഉൾപ്പെടെ പൊതുസമൂഹത്തിനും സ്കൂൾവിക്കിയിൽ വിവരങ്ങൾ നൽകാൻ സംവിധാനമൊരുക്കുന്നതിനും അങ്ങനെ ഉൾപ്പെടുത്തുന്ന വിവരങ്ങൾ എഡിറ്റോറിയൽ ടീം പരിശോധിച്ച് തുടർനടപടികൾക്കും സർക്കാർ ഉത്തരവിൽ നിർദേശിച്ചിട്ടുണ്ട്. ആയതിനാൽ സ്കൂൾവിക്കിത്തോണിന്റെ ഭാഗമായി അധ്യാപകർ, ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ, വിദ്യാർത്ഥികൾ, പൂർവ്വവിദ്യാർത്ഥികൾ തുടങ്ങി പൊതുസമൂഹത്തിന്റെ വിവിധ തലങ്ങളിലുള്ളവരെ ഉൾപ്പെടുത്തി വിവരശേഖരണവും എഡിറ്റിംഗും സംഘടിപ്പിക്കാവുന്നതാണ്.

5. സ്കൂളുകളുടെ വിക്കിപേജുകൾ 2026 സപ്തംബർ 10 നകം അപ്ഡേറ്റ് ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ ചുമതലയുള്ള മാസ്റ്റർട്രെയിനർ ഒരുക്കേണ്ടതും അപ്ഡേഷൻ പൂർത്തിയാക്കിയശേഷം നിശ്ചിത ഫലകം സ്കൂൾവിക്കിയിൽ ചേർക്കേണ്ടതുമാണ്.

6. അപ്ഡേഷൻ പ്രവർത്തനങ്ങൾ ഉപജില്ലാതലത്തിലും ജില്ലാതലത്തിലും നിശ്ചിത സൂചകങ്ങളുടെ അടിസ്ഥാനത്തിൽ കൈറ്റിലെ മാസ്റ്റർ ട്രെയിനർമാർ വിലയിരുത്തുകയും, തൃപ്തികരമായ നിലവാര മെത്തിച്ചശേഷം, ഫലകം ചേർത്ത് സെപ്തംബർ 15 നകം സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

7. സ്കൂൾതല പരിശോധനക്കിടയിലും മറ്റ് പദ്ധതികൾ നടപ്പാക്കുമ്പോഴും വിദ്യാഭ്യാസ ഓഫീസർമാർ ബന്ധപ്പെട്ട സ്കൂളിന്റെ സ്കൂൾവിക്കി പേജുകൾ പ്രത്യേകം പരിശോധിക്കേണ്ടതാണെന്ന് സൂചന സർക്കാർ ഉത്തരവിൽ നിർദേശിച്ചതിനാൽ വിദ്യാഭ്യാസ ഓഫീസർമാർക്ക് പദ്ധതിയുടെ പുരോഗതി നിരന്തരം വിലയിരുത്തി ആവശ്യമായ പിന്തുണ ഉറപ്പാക്കുന്നതിനുള്ള ക്രമീകരണവും കൈറ്റ് മാസ്റ്റർ ട്രെയിനർമാർ ഒരുക്കേണ്ടതാണ്.

**കെ. അൻവർ സാദത്ത്**
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

എല്ലാ സർക്കാർ, എയ്ഡഡ്, അംഗീകൃത അൺഎയ്ഡഡ് സ്കൂൾ പ്രഥമധ്യാപകർക്കും – ജില്ലാ കോർഡിനേറ്റർ മുഖേന

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ –അറിവിലേക്ക്
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ/റീജിണൽ ഡെപ്യൂട്ടി ഡയറക്ടർ/
അസിസ്റ്റന്റ് ഡയറക്ടർ/ജില്ലാ വിദ്യാഭ്യാസ ഓഫീസർ/
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ ജില്ലാ കോർഡിനേറ്റർമാർക്കും
സ്റ്റോക്ക് ഫയൽ